# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1830**

**08-06-2018** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 600 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ നീളമുള്ള ബെർത്തിന് വേണ്ടിയുള്ള 615 പൈലുകളിൽ 278 എണ്ണം താഴ്ത്തി കഴിഞ്ഞിട്ടുണ്ട്. പുലിമുട്ടിന്റെ പുറംചട്ടയായി ഇടുന്നതിന് വേണ്ടിവരുന്ന 16,000 - ത്തോളം കോൺക്രീറ്റ് അക്രോപോഡുകളിൽ 4060 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. കടൽ നികത്തി കര ഭൂമിയാക്കേണ്ട 53 ഹെക്ടറിൽ 33 ഹെക്ടർ നികത്തിക്കഴിഞ്ഞു. ഇതുകൂടാതെ തുറമുഖത്തിനാവശ്യമായ കെട്ടിടങ്ങൾ, തുറമുഖത്തിലേയ്ക്കുള്ള നാലുവരി പാത, യാർഡ് തുടങ്ങിയവയുടെ പണികളും പുരോഗമിച്ചു വരുന്നു. |
| (ബി) കരാർ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായോ;<br><br>(സി) ഇല്ലെങ്കിൽ കരാർ ലംഘനത്തിന് നിയമ നടപടികൾ സ്വീകരിക്കുമോ ; | (ബി) യും (സി) യും | കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും **690-** ാം ദിവസം (രണ്ടാം നാഴികക്കല്ല് - **2017** ഒക്ടോബർ **24**) പദ്ധതി ചെലവിന്റെ **25%** തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ **35.8%** തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം **21.75%** തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കി യിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ- ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച്ച വന്നതിനാൽ അദാനി കമ്പനിയോട് നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുണ്ടോ; | (ഡി) യും (ഇ) യും | തുറമുഖ നിർമ്മാണ കരാർ അനുസരിച്ച് പദ്ധതിയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുകൾ കണ്ടെത്തുന്നതിനുള്ള ചുമതല കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. നിർമ്മാണത്തിന് ആവശ്യമായ പാറയുടെ ലഭ്യത കുറവാണെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും പാറയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഇ) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വിശദീകരിക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**